(സി) ഇത് സംബന്ധിച്ച് കേസ്സുകൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പട്ടയ ഭൂമിയിൽ താമസിക്കുന്ന കുടികിടപ്പുകാർക്ക് പട്ടയം നൽകേണ്ടത് ലാന്റ് ട്രൈബ്യൂണലുകൾ മുഖേനയാണ്.

(ബി) അധികാരമില്ല.

(സി) വിവരം ശേഖരിച്ചുവരുന്നു.

തൊടുപുഴ മലങ്കര എസ്റ്റേറ്റ് പാട്ടത്തിന് നൽകിയത് സംബന്ധിച്ച്

7 [3177] ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ തൊടുപുഴയിലുള്ള മലങ്കര എസ്റ്റേറ്റ് പാട്ടത്തിന് നല്കിയത് പാട്ട ഉടമ സബ്‌ലെറ്റ് ചെയ്തതായോ പാട്ടഭൂമി വില്പന നടത്തിയാതായോ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച സമഗ്രമായ വിവരം ശേഖരിച്ച് അറിയിക്കുന്നതിന് ഇടുക്കി ആർ.ഡി.ഒ.-യ്ക്ക് നിർദ്ദേശം നല്കുമോ;

(സി) മലങ്കരയിൽ ഭൂമി പാട്ടത്തിന് നല്കിയത് എന്നാണ്; ആർക്കാണ് നല്കിയത്;

(ഡി) ഇതിന്റെ ടേംസ് ആന്റ് കണ്ടീഷൻസ് എന്തെല്ലാം ആയിരുന്നു;

(ഇ) പാട്ടക്കരാറിന്റെ കോപ്പി ലഭ്യമാക്കുമോ;

(എഫ്) പാട്ടത്തിനു കൊടുത്ത ഭൂമി പാട്ടക്കാർക്ക് സ്വന്തം പേരിൽ പട്ടയം ലഭിക്കാൻ അർഹതയുണ്ടോ;

(ജി) മലങ്കര എസ്റ്റേറ്റിന്റെ സ്ഥലം പാട്ടത്തിനെടുത്ത വ്യക്തി എത്ര സ്ഥലം മറ്റുള്ളവർക്ക് വിറ്റിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(എച്ച്) ഇപ്രകാരം വിറ്റ ഭൂമി വാങ്ങിയവർ ആരെല്ലാമാണ്;

(ഐ) അത്തരം ഭൂമിക്ക് എന്തു തുക കിട്ടിയെന്ന് വ്യക്തമാക്കുമോ;

(ജെ) സ്ഥലം വാങ്ങിയവരുടെ പേരിൽ പട്ടയം നല്കിയിട്ടുണ്ടോ;

(കെ) എങ്കിൽ എന്തെല്ലാം രേഖകളുടെ അടിസ്ഥാനത്തിലാണ് ഇപ്രകാരം കൈമാറ്റ രേഖ നല്കിയത് എന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ—കെ) വിവരം ശേഖരിച്ചുവരുന്നു.

തലപ്പിള്ളി താലൂക്കിൽ പാട്ടത്തിനു നൽകിയ റവന്യൂ ഭൂമി

8 [3178] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തലപ്പിള്ളി താലൂക്കിൽ റവന്യൂ ഭൂമി പാട്ടത്തിനു നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ആർക്കെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തലപ്പിള്ളി താലൂക്കിൽ റവന്യൂ ഭൂമി പാട്ടത്തിനു നൽകിയിട്ടില്ല.

(ബി) ബാധകമല്ല.

വിജയപുരം പഞ്ചായത്തിലെ കൊശമറ്റം, വലിയപാറ, ശാന്തിഗ്രാം കോളനികളിലെ താമസക്കാർക്ക് പട്ടയം

9 [3179] ശ്രീമതി മേഴ്സി രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലുള്ള വിജയപുരം പഞ്ചായത്തിലെ കൊശമറ്റം, വലിയപാറ, ശാന്തിഗ്രാം കോളനികളിലെ എല്ലാ താമസക്കാർക്കും പട്ടയം നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എത്ര പേർക്ക് ഇനി നൽകാനുണ്ട്;

(സി) പട്ടയം കിട്ടാത്തവർക്ക് അത് നൽകുന്നതിന് നടപടിയെടുക്കുമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly